LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. എസ്. ജയലാൽ: സർ, സൈബർ ഭീകരത സർവ്വനാശം വിതയ്ക്കുമെന്ന ആശങ്ക പടരുകയാണ്. "മൂന്നാം ലോക മഹായുദ്ധത്തിൽ ആയുധങ്ങൾ എന്തൊക്കെയായിരിക്കുമെന്നറിയില്ല. പക്ഷെ നാലാം ലോകമഹായുദ്ധത്തിന്റെ ആയുധം കല്ലായിരിക്കുമെന്ന്" ആൽബർട്ട് ഐൻസ്റ്റീൻ പറഞ്ഞത് സർവ്വനാശം വിതയ്ക്കുന്ന ഒരായുധം വരുമെന്നുള്ളതു കൊണ്ടാണ്. ഇവിടെ ഉയർന്നുവരുന്ന ആശങ്കകളെല്ലാം ആ തലത്തിലേയ്ക്ക് സൈബർലോകത്തെ കൊണ്ടുപോകുകയാണ്.

മി സ്പീക്കർ: ചോദ്യോത്തരസമയം അവസാനിച്ചു.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഒരു മിനിട്ടുകൂടി സംസാരിക്കാൻ അനുവദിക്കണം.

മി. സ്പീക്കർ: സമയം അധികമെടുക്കാതെ ചോദിക്കണമെന്ന് അങ്ങയോട് നേരത്തെതന്നെ സൂചിപ്പിച്ചിരുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കോവിഡുമൂലം മരിച്ചവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം

5(*124) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മരിച്ച എല്ലാവരും കോവിഡ് മരണത്തിന്റെ കണക്കിൽ ഉൾപ്പെടാതിരുന്നതിനാൽ അവരുടെ ആശ്രിതർ സുപ്രീം കോടതി നിർദ്ദേശപ്രകാരമുള്ള നഷ്ടപരിഹാരപ്പട്ടികയിൽ ഉൾപ്പെടില്ലെന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ?

കോവിഡ് ബാധിച്ച് മരണപ്പെട്ട വ്യക്തികൾക്ക് നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽനിന്നും നിർദ്ദേശം ഇതുവരെ ആരോഗ്യ വകുപ്പിന് ലഭിച്ചിട്ടില്ല. നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോവിഡും കോവിഡാനന്തര രോഗങ്ങളുംമൂലം മരിച്ച എല്ലാവരുടെയും ആശ്രിതർക്ക് നഷ്ടപരിഹാരം ലഭിക്കത്തക്കവണ്ണം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

കോവിഡുമൂലം മരണപ്പെടുന്ന രോഗികളുടെ പേരും മറ്റ് വിശദാംശങ്ങളും 2021 ജൂൺ-16 മുതൽ ആരോഗ്യ വകുപ്പ് വെബ്സൈറ്റിലെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതിനുമുൻപ് മരണപ്പെട്ടവരുടെ പേര് ഒഴികെയുള്ള വിശദാംശങ്ങളും ആരോഗ്യ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. ആ കാലയളവിൽ മരണപ്പെട്ടുപോയവരുടെ മരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടി ആരോഗ്യ വകുപ്പ് സ്വീകരിച്ചുവരുന്നു.

(സി) കോവിഡ് മരണം സ്ഥിരീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ മാറ്റണമെന്ന നിർദ്ദേശത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

സംസ്ഥാനത്ത് 2021 ജൂൺ 16 മുതൽ മരണം റിപ്പോർട്ട് ചെയ്യുന്നത് ജില്ലാതല വികേന്ദ്രീകൃത ഓൺലൈൻ സംവിധാനത്തിലൂടെയാണ്. WHO-യുടെയും ICMR-ന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് സംസ്ഥാനത്ത് കോവിഡ് മരണങ്ങളുടെ സ്ഥിരീകരണം നടത്തിവരുന്നത്. ഇതിനായി സജ്ജമാക്കിയ ഓൺലൈൻ റിപ്പോർട്ടിംഗ് പോർട്ടലിലൂടെയാണ് അതത് ആശുപത്രികളിൽനിന്നും ചികിത്സിച്ച ഡോക്ടർമാർ, ബന്ധപ്പെട്ട സൂപ്രണ്ടുമാർ മുഖേന മരണം റിപ്പോർട്ട് ചെയ്യുന്നതും ജില്ലാ തലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നതും. പിന്നീട് സംസ്ഥാന തലത്തിൽ ഇത് ക്രോഡീകരിക്കുകയും റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു. തത്സമയ എൻഡി സംവിധാനമാണ് ഇതിനുള്ളത്. മരണം റിപ്പോർട്ട് ചെയ്യുന്നത് ഓൺലൈൻ മാർഗ്ഗത്തിലൂടെ ആകുന്നതിനാൽ കോവിഡ് മരണമാണോ അല്ലയോ എന്ന് സ്ഥിരീകരിക്കാനുള്ള കാലതാമസം പരമാവധി ഒഴിവാക്കപ്പെടുന്നതാണ്. ഏത് ആശുപത്രിയിലാണോ മരണം സംഭവിക്കുന്നത് അവിടത്തെ ഡോക്ടറാണ് മരണകാരണമടങ്ങിയ മെഡിക്കൽ ബുള്ളറ്റിൻ ഓൺലൈനിലൂടെ അപ്ലോഡ് ചെയ്യുന്നത്. ഇത് ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് 24 മണിക്കൂറിനകം സ്ഥിരീകരിക്കുന്നു. നേരത്തേ മെയിൽ വഴിയുള്ള റിപ്പോർട്ട് അടിസ്ഥാനമാക്കിയാണ് കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നത്. എന്നാൽ ഇത് കാലതാമസം വരുത്തുന്നുവെന്ന് കണ്ടാണ് ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറിയത്. വീട്ടിൽവച്ച് മരണപ്പെടുന്നവരുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർമാരാണ് റിപ്പോർട്ട് ചെയ്യുന്നത്. ഇതും ജില്ലാ തലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർമാർ പരിശോധിച്ച് സ്ഥിരീകരിക്കുകയും ഓൺലൈനായി സംസ്ഥാന തലത്തിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു.